(എ) 7-1-2002-ലെ ജി.ഒ. (എംഎസ്.) നമ്പർ 11/02/പൊ. വി. 26-2-2002-ലെ സർക്കുലർ നമ്പർ 67679/ജെ1/02/പൊ.വി. എന്നിവ പ്രകാരം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള ഇംഗ്ലീഷ് എച്ച്. എസ്. എ. തസ്തികകൾ തിരുവനന്തപുരം ജില്ലയിലെ എല്ലാ എയ്ഡഡ് സ്കൂളുകളിലും സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അർഹതയുള്ള എത്ര അദ്ധ്യാപകരെ ഇംഗ്ലീഷ് എച്ച്. എസ്. എ. മാരായി ഈ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട് ;

(സി) തിരുവനന്തപുരം ജില്ലയിൽ ഏതെങ്കിലും എയ്ഡഡ് സ്കൂളിൽ പ്രസ്തുത ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികകളിൽ അർഹതയുള്ള അധ്യാപകർക്ക് നിയമനം നൽകാതിരുന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ പ്രസ്തുത ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികകളിൽ അർഹതയുള്ളവർക്ക് നിയമനം നൽകുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) എച്ച് എസ്. എ. (ഇംഗ്ലീഷ്) തസ്തികകൾ പുതിയതായി സൃഷ്ടിക്കുകയല്ല ചെയ്യുന്നത്. മറിച്ച്, സബ്ജക്ട് റേഷ്യോയ്ക്ക് അനുസൃതമായി, ഡിവിഷനുകൾ ക്രമീകരിച്ച്, റിട്ടയർമെന്റ്, പുതിയ ഡിവിഷൻ, രാജി, അവധി എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ, നിലവിലുള്ള അധ്യാപകരെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ പുനർനിർണ്ണയിക്കുകയാണ് ചെയ്യുന്നത്.

(ബി) 203.

(സി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

എസ്. എസ്. എൽ. സി. യുടെ ഐ. റ്റി. പരീക്ഷയ്ക്കുവേണ്ടി സോഫ്റ്റ്വെയർ തയ്യാറാക്കലും അദ്ധ്യാപക സംഘടനകളുടെ നിലപാടും

63 [1466] ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി മേഴ്സി രവി :
ശ്രീ ടി. വി. ചന്ദ്രമോഹൻ :

,, എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. യുടെ ഐ. റ്റി. പരീക്ഷയ്ക്കുവേണ്ടി സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ളത് ആരാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് പരീക്ഷ നടത്തുന്നതിനെ ഏതെല്ലാം അദ്ധ്യാപക സംഘടനകൾ അനുകൂലിച്ചിട്ടുണ്ട് ;

(സി) ഈ അദ്ധ്യാപക സംഘടനകൾ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളോട് കൂറുപുലർത്തുന്നവയാണ് ?

ഉത്തരം

(എ) എറണാകുളത്തുള്ള 'ടീം-ഇ-ബിസ്' എന്ന സ്ഥാപനമാണ് 'സോഫ്റ്റ് എക്സാം' എന്ന സോഫ്റ്റ്വെയർ തയ്യാറാക്കിയത്.

(ബി) എല്ലാ അദ്ധ്യാപക സംഘടനകളും അനുകൂലിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള സർവ്വീസ് ചട്ടപ്രകാരം അദ്ധ്യാപക സംഘടനകൾ പ്രത്യേക രാഷ്ട്രീയപാർട്ടികളോടു കൂറുപുലർത്താൻ പാടുള്ളതല്ല.

ചാത്തന്നൂരിലെ എസ്. എസ്. എ. പരിപാടികൾ എം. എൽ. എ. യെ അറിയിക്കാത്തതിനെക്കുറിച്ച്

64 [1467] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ 2002-03, 2003-04 വർഷങ്ങളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കി എന്നും അവയ്ക്ക് എന്തുമാത്രം തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ;

(ബി) സർവ്വശിക്ഷാ അഭിയാൻ പദ്ധതികളെപ്പറ്റി എം. എൽ. എ. മാരെ അറിയിക്കാതിരിക്കാൻ നിർദ്ദേശങ്ങൾ എന്തെങ്കിലുമുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ചാത്തന്നൂരിലെ പരിപാടികൾക്ക് ബന്ധപ്പെട്ട എം. എൽ. എ. യെ അറിയിക്കാത്തതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2002-03, 2003-04 വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

മരാമത്തുപണികൾ	.. 44,40,000 രൂപ
പെൺകുട്ടികൾക്കും പട്ടികജാതി/ പട്ടികവർഗ്ഗ കുട്ടികൾക്കും സൗജന്യ പുസ്തകവിതരണം	.. 6,50,000 രൂപ
കമ്പ്യൂട്ടർ വിതരണം	.. 1,52,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly